# കേരള കാർഷിക സർവ്വകലാശാല


## കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം, ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര

**കാർഷിക നിർദ്ദേശക ബുള്ളറ്റിൻ**

(ടെലിഫോൺ: 04872371931)

## തൃശ്ശൂർ

**E mail: kauagmet@yahoo.co.in**


**കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷിവകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.**

**എ.എഎസ് 45/16, ചൊവ്വാഴ്ച** **തീയ്യതി 01.11.2016**

**കഴിഞ്ഞ ആഴ്ചയിലെ അന്തരീക്ഷസ്ഥിതി:** കഴിഞ്ഞ ആഴ്ച്ച വെള്ളാനിക്കരയിൽ 18.7 മി.മീ മഴ ലഭിച്ചു. ഏറ്റവും ഉയർന്നതാപനില 31.7 മുതൽ 32.8 ഡിഗ്രി സെൽഷ്യസും ഏറ്റവും കുറഞ്ഞതാപനില 21.4 മുതൽ 22.9 ഡിഗ്രി സെൽഷ്യസും, രാവിലത്തെ അന്തരീക്ഷ ആർദ്രത 91 മുതൽ 98 ശതമാനം വരെയും, ഉച്ചത്തെ അന്തരീക്ഷ ആർദ്രത 60 മുതൽ 78 ശതമാനം വരെയും ആയിരുന്നു. കാറ്റിന്റെ വേഗത മണിക്കൂറിൽ 0.5 മുതൽ 1.1 കിലോമീറ്ററും, സൂര്യ പ്രകാശത്തിന്റെ അളവ് ദിനം പ്രതി 0.8 മുതൽ 8.0 മണിക്കൂറും ബാഷ്പീകരണം ദിനം പ്രതി 1.5 മുതൽ 2.9 മില്ലി.മീറ്റർ വരെയും ആയിരുന്നു.

**അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:**

| കാലാവസ്ഥാ ഘടകങ്ങൾ | 02.11.2016 | 03.11.2016 | 04.11.2016 | 05.11.2016 | 06.11.2016 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 16 | 2 | 3 | 3 | 0 |
| ഉയർന്ന താപനില (°C) | 30 | 30 | 31 | 31 | 31 |
| കുറഞ്ഞ താപനില (°C) | 22 | 23 | 23 | 23 | 23 |
| മേഘവ്യാപ്തി (ഒക്ട്സ) | 6 | 6 | 6 | 5 | 5 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 90 | 90 | 90 | 90 | 90 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 70 | 70 | 70 | 70 | 70 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/മണിക്കൂർ) | 006 | 006 | 004 | 004 | 004 |
| കാറ്റിന്റെ ദിശ ( ഡിഗ്രി) | 020 | 220 | 290 | 290 | 270 |

**കാർഷിക നിർദ്ദേശങ്ങൾ:**

| വിളകൾ | വളർച്ചാഘട്ടം/രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (ജ്യോതി, കാഞ്ചന, ഉമ, പൊൻമണി) | ഞാറു പരുവം | നെൽപ്പാടങ്ങളിൽ കുഴൽപ്പുഴുവിന്റെ ആക്രമണം കാണാനിടയുണ്ട്. വെള്ളം വാർത്തു കളഞ്ഞ് ഒരു ഏക്കറിന് 25 കി.ഗ്രാം അറക്കപ്പൊടി/ 1 ലിറ്റർ മണ്ണെണ്ണ ചേർത്ത് വിതറുക. വെള്ളം വാർത്തു കളയാൻ പറ്റാത്ത പാടത്ത് ഫെയിം 2 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ അല്ലെങ്കിൽ കൊറാജെൻ 3 മില്ലി 10 ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| തെങ്ങ് | - | മണ്ണിലെ വായു സഞ്ചാരത്തിനും മഴവെള്ളം ഊഴ്ന്നിറങ്ങുന്നതിനുമായി തെങ്ങിൻ പുരയിടങ്ങൾ കിളയ്ക്കാവുന്നതാണ്. കളകളെയും വേരുതീനുപ്പുഴുവിനെയും നിയന്ത്രിക്കുകയും വേണം. |
| വാഴ | ഇല കരിച്ചിൽ | വാഴയിൽ ഇലകരിച്ചിൽ രോഗം കണ്ടാൽ ടിൽറ്റ് 1 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| പച്ചക്കറികൾ (പാവൽ) | കുരുടിപ്പ് | പാവലിൽ കുരുടിപ്പ് കാണാൻ സാധ്യതയുണ്ട്. ഇതിനു മുൻകരുതലായി ഗോമൂത്രം 50 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |